# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 253 | 19.06.14 ൽ - മറുപടിക്ക്

## പൊതുവിതരണ സംവിധാനത്തിന്റെ ആധുനികവൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>,, പി.കെ. ഗുരുദാസൻ<br>'' കെ. രാധാകൃഷ്ണൻ<br>'' കെ.കെ.നാരായണൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പൊതുവിതരണ സംവിധാനത്തിന്റെ ആധുനികവൽക്കരണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;വിശദാംശം വ്യക്തമാക്കുമോ; | (എ) പൊതുവിതരണ സംവിധാനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായുളള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ പൊതുവിതരണ ശൃംഖലയുടെ സമഗ്ര രൂപീകരണത്തിനായി വകുപ്പ് തലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് മന്ത്രിസഭയുടെ അനുമതി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | ആധുനികവല്ക്കരണ പദ്ധതിയിൽ എന്തെല്ലാമാണ് വിഭാവനം ചെയ്തിട്ടുള്ളത്; | (ബി) ആധുനികവൽക്കരണ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുളളത് ചുവടെ ചേർത്തിട്ടുളള ഘടകങ്ങളാണ്.<br>1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുളള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക<br>3. എ.ആർ.ഡി നവീകരണത്തിലൂടെ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻകടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുളള സംവിധാനം തയ്യാറാക്കുക.<br>4. ഗുണഭോക്താവിന് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക. |
| (സി) | ആധുനികവൽക്കരണത്തിന് എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഈ പദ്ധതിയെ ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (സി) പൊതുവിതരണ ശൃംഖലയുടെ നവീകരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഇതിനായി 498.96 കോടി രൂപയാണ് കണക്കാക്കിയിട്ടുളളത്. ഇതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷം 20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും 7.3 കോടി രൂപ ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി നിലവിൽ ഈ പദ്ധതിയെ ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ്

പൊതുവിതരണ സംവിധാനത്തിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ പൊതുവിതരണ ശൃംഖലയുടെ സമഗ്രരൂപീകരണത്തിനായി വകുപ്പ് തലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് നടപ്പിലാക്കുന്നതിനായി 31.05.14-ലെ സ.ഉ.(കൈ)നം.18/2014/ഭ.പൊ.വി.വ പ്രകാരം തത്വത്തിൽ അംഗീകരിക്കുകയും തുടർനടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചു വരുകയുമാണ്.

ആധുനികവൽക്കരണ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത് ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങളാണ്.

1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക
2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക
3. എ.ആർ.ഡി നവീകരണത്തിലൂടെ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻകടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.
4. ഗുണഭോക്താവിന് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക.

പൊതുവിതരണ ശൃംഖലയുടെ നവീകരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഇതിനായി 498.96 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഇതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും 7.3 കോടി രൂപ ലഭ്യമായിട്ടുണ്ട്.